**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 13** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സുസ്ഥിര വികസനം ഉറപ്പുവരുത്തുവാൻ പുതിയ പദ്ധതികൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. ജി. ആർ. അനിൽ | (മുഖ്യമന്ത്രി) |
| ശ്രീ. പി. പ്രസാദ് | |
| ശ്രീ. കെ. കെ. വത്സരാജ് | |

**(എ)** മുഖ്യധാരാ വികസന സങ്കല്പങ്ങൾക്ക് ബദലായി പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും നയരൂപീകരണത്തിലും ജനപക്ഷവികസനത്തിന്റെ പുതിയ കാഴ്ചപ്പാട് മുന്നോട്ട് വെച്ച മുൻസർക്കാരിന്റെ കാലത്ത് കേരളം ലോകത്തിന് മാതൃകയായിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വികസനത്തിന്റെ കേരള മാതൃക, ദീർഘകാലമായി രൂപപ്പെട്ട സാമൂഹിക, സാമ്പത്തിക, ജനാധിപത്യ ഇടപെടലുകളുടെ കൃത്യമായ പ്രതിഫലനമാണ്. കേരളം നടത്തിയ വികസന മുന്നേറ്റം ഏതെങ്കിലും ഒരു കാലഘട്ടത്തിലോ ഒരു സർക്കാരിലോ മാത്രം പരിമിതപ്പെടുന്നതല്ല. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, വികേന്ദ്രീകൃത ഭരണം, സാമൂഹിക സുരക്ഷ, സ്ത്രീശാക്തീകരണം, ജനപങ്കാളിത്തം തുടങ്ങിയ വിവിധ മേഖലകളിൽ പല കാലഘട്ടങ്ങളിലായി എല്ലാ സർക്കാരുകളും സ്വീകരിച്ച നയപരമായ ഇടപെടലുകളാണ് കേരള മാതൃകയ്ക്ക് അടിത്തറയിട്ടത്. എല്ലാ സർക്കാരുകളും കാലാനുസൃതമായി ഈ വികസനപാത നിലനിർത്താനും ശക്തിപ്പെടുത്താനും ശ്രമിച്ചിട്ടുണ്ട്. അതിന്റെ ഫലമായി മാനവവികസനം, ക്ഷേമം, എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച, സുസ്ഥിര വികസനം എന്നീ മേഖലകളിൽ കേരളം ദേശീയതലത്തിലും അന്തർദേശീയതലത്തിലും ശ്രദ്ധേയമായ മാതൃകയായി മാറിയിട്ടുണ്ട്. എന്നാൽ ഈ കേരള മാതൃക ആരോഗ്യം, വിദ്യാഭ്യാസം അടക്കമുള്ള മേഖലകളിൽ നിലവിൽ പ്രതിസന്ധി നേരിടുകയാണ്. ഈ ചരിത്രപരമായ പാരമ്പര്യം തുടർന്ന് കൊണ്ട് നിലവിലെ പോരായ്മകൾ പരിഹരിച്ച് കൊണ്ടും സമത്വം, നവീകരണം, പരിസ്ഥിതി ഉത്തരവാദിത്തം, ജനകേന്ദ്രിത ഭരണം എന്നിവയിൽ അധിഷ്ഠിതമായ വികസനമാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

**(ബി)** വളർച്ചയും സമഗ്രവികസനവും സാമൂഹികക്ഷേമവും മുൻനിർത്തി സുസ്ഥിര വികസനത്തിന്റെ മികച്ച മാതൃക സൃഷ്ടിക്കുവാൻ മുൻസർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വികസനത്തിന്റെ കേരള മാതൃക, ദീർഘകാലമായി രൂപപ്പെട്ട സാമൂഹിക, സാമ്പത്തിക, ജനാധിപത്യ ഇടപെടലുകളുടെ കൃത്യമായ പ്രതിഫലനമാണ്. കേരളം നടത്തിയ വികസന മുന്നേറ്റം ഏതെങ്കിലും ഒരു കാലഘട്ടത്തിലോ ഒരു സർക്കാരിലോ മാത്രം പരിമിതപ്പെടുന്നതല്ല. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, വികേന്ദ്രീകൃത ഭരണം, സാമൂഹിക സുരക്ഷ, സ്ത്രീശാക്തീകരണം,

ജനപങ്കാളിത്തം തുടങ്ങിയ വിവിധ മേഖലകളിൽ പല കാലഘട്ടങ്ങളിലായി എല്ലാ സർക്കാരുകളും സ്വീകരിച്ച നയപരമായ ഇടപെടലുകളാണ് കേരള മാതൃകയ്ക്ക് അടിത്തറയിട്ടത്. എല്ലാ സർക്കാരുകളും കാലാനുസൃതമായി ഈ വികസനപാത നിലനിർത്താനും ശക്തിപ്പെടുത്താനും ശ്രമിച്ചിട്ടുണ്ട്. അതിന്റെ ഫലമായി മാനവവികസനം, ക്ഷേമം, എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച, സുസ്ഥിര വികസനം എന്നീ മേഖലകളിൽ കേരളം ദേശീയതലത്തിലും അന്തർദേശീയതലത്തിലും ശ്രദ്ധേയമായ മാതൃകയായി മാറിയിട്ടുണ്ട്. എന്നാൽ ഈ കേരള മാതൃക ആരോഗ്യം, വിദ്യാഭ്യാസം അടക്കമുള്ള മേഖലകളിൽ നിലവിൽ പ്രതിസന്ധി നേരിടുകയാണ്. ഈ ചരിത്രപരമായ പാരമ്പര്യം തുടർന്ന് കൊണ്ട് നിലവിലെ പോരായ്മകൾ പരിഹരിച്ച് കൊണ്ടും സമത്വം, നവീകരണം, പരിസ്ഥിതി ഉത്തരവാദിത്തം, ജനകേന്ദ്രിത ഭരണം എന്നിവയിൽ അധിഷ്ഠിതമായ വികസനമാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

**(സി)** സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്തിന്റെ സുസ്ഥിരവും ബഹുമുഖവുമായ ഉന്നമനം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ വിഭാവനം ചെയ്യുന്ന പുതുയുഗ കേരളം എന്ന വികസന കാഴ്ചപ്പാടിന്റെ ഭാഗമായി വിവിധ പുതിയ പദ്ധതികളും നയപരമായ ഇടപെടലുകളും നടപ്പിലാക്കി വരികയാണ്. സാമ്പത്തിക വളർച്ചയും സാമൂഹ്യനീതിയും, ആധുനിക അടിസ്ഥാനസൗകര്യങ്ങളും പരിസ്ഥിതി സംരക്ഷണവും, സാങ്കേതിക പുരോഗതിയും മാനുഷിക വികസനവും സമന്വയിപ്പിച്ചുള്ള വികസന മാതൃകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ജനങ്ങളുടെ സാമൂഹിക സുരക്ഷയും സാമ്പത്തിക ശാക്തീകരണവും തുല്യതയും ഉറപ്പു വരുത്തുന്നതിനായി ഈ സർക്കാർ വാഗ്ദാനം ചെയ്ത "ഇന്ദിരാ ഗ്യാരണ്ടി പദ്ധതികൾ" ഇതിനകം തന്നെ നടപ്പിലാക്കി തുടങ്ങി. സ്ത്രീകൾക്ക് പൊതുഗതാഗതത്തിൽ സൗജന്യ യാത്ര, കോളേജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസ ധനസഹായം, ക്ഷേമപെൻഷൻ വർധന, കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്, യുവാക്കൾക്ക് പലിശരഹിത സംരംഭകത്വ സഹായം, മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് എന്നിവ ഈ സർക്കാരിന്റെ അഭിമാനകരമായ പദ്ധതികളാണ്.

സംസ്ഥാനത്തെ വിജ്ഞാനാധിഷ്ഠിത സമ്പദ്വ്യവസ്ഥയായി മാറ്റുന്നതിനായി കേരള ടെക് (Kerala Tech), നിർമ്മിത ബുദ്ധി (AI), സെമികണ്ടക്ടർ, സ്റ്റാർട്ടപ്പ്, ജൈവസാങ്കേതികവിദ്യ, നോളജ് ഇക്കണോമി എന്നീ മേഖലകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതാണ്. തൊഴിൽ മേഖലയിലെ ഭാവി മാറ്റങ്ങൾ മുൻകൂട്ടി വിലയിരുത്തുന്നതിനായി ജോബ് വാച്ച് ടവർ, വിദ്യാർത്ഥികളിൽ ശാസ്ത്രീയ അവബോധവും STEM ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനായി ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകൾ, ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി വയനാട് ട്രൈബൽ സർവകലാശാല എന്നിവയും പരിഗണനയിലുണ്ട്.

സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സമുദ്രസമ്പത്തും പ്രയോജനപ്പെടുത്തി മിഷൻ സമുദ്ര മുഖേന, തുറമുഖങ്ങൾ, ഉൾനാടൻ ജലപാതകൾ, ലോജിസ്റ്റിക്സ്, ടൂറിസം, മത്സ്യബന്ധനം, വ്യവസായ വികസനം എന്നിവയെ ഏകോപിപ്പിച്ചുള്ള സമഗ്ര ബ്ലൂ ഇക്കണോമി വികസനവും, അതോടൊപ്പം കേരളത്തെ പ്രധാന വ്യോമയാന ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികളും സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

നൂതന സംരംഭകത്വവും തൊഴിൽ സൃഷ്ടിയും പ്രോത്സാഹിപ്പിക്കുന്നതിനായി പതിനായിരത്തിലധികം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം, വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക്സ് ശൃംഖലകൾ, നിക്ഷേപ സൗഹൃദ സംവിധാനങ്ങൾ എന്നിവയും ശക്തിപ്പെടുത്തുന്ന പദ്ധതികളും സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വെല്ലുവിളികൾ നേരിടുന്നതിനായി നദീതട-ജലസംരക്ഷണം, തണ്ണീർത്തട സംരക്ഷണം, ഊർജ്ജ വികസനം, കാലാവസ്ഥാ പ്രതിരോധശേഷിയുള്ള അടിസ്ഥാനസൗകര്യങ്ങൾ, ജലവിഭവ സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക മുൻഗണന നൽകുന്നതാണ്. അതോടൊപ്പം, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം തുടങ്ങിയ മേഖലകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യയും നിർമ്മിത ബുദ്ധിയും പ്രയോജനപ്പെടുത്തി കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ ഭരണസംവിധാനം സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ പദ്ധതികളും നയപരമായ ഇടപെടലുകളും വഴി, സാമൂഹികക്ഷേമം, സാമ്പത്തിക വളർച്ച, തൊഴിൽസൃഷ്ടി, വിജ്ഞാന സമ്പദ്വ്യവസ്ഥ, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ പ്രതിരോധശേഷി എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. വികസനത്തിന്റെ നേട്ടങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരുന്ന, ഭാവി വെല്ലുവിളികളെ അതിജീവിക്കാൻ ശേഷിയുള്ള, സമത്വാധിഷ്ഠിതമായ ഒരു 'പുതുയുഗ കേരളം' സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

**(ഡി)** പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് സമാഹരിച്ച് ഭാവി വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മറുപടി:** പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് സമാഹരിച്ച് ഭാവി വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക, സാമൂഹിക സുരക്ഷ ശക്തിപ്പെടുത്തുക, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് വികസന കാഴ്ചപ്പാടുകൾ രൂപപ്പെടുത്തിയിരിക്കുന്നത്. പൊതുജനങ്ങളുടെ ആവശ്യങ്ങളും പ്രതീക്ഷകളും വികസന പദ്ധതികളുടെ കേന്ദ്രബിന്ദുവാക്കി ജനകീയ പങ്കാളിത്തത്തോടെ മുന്നോട്ടുപോകുന്ന വികസന സമീപനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായി സാമൂഹിക സുരക്ഷയും ക്ഷേമവും മുൻനിർത്തി രൂപപ്പെടുത്തിയിട്ടുള്ള "ഇന്ദിര ഗ്യാരണ്ടി" നിർദേശങ്ങൾ ശ്രദ്ധേയമാണ്. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്ര, കോളേജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസ ധനസഹായം, ക്ഷേമപെൻഷൻ വർധിപ്പിക്കൽ, കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ, യുവാക്കൾക്ക് പലിശരഹിത സംരംഭക വായ്പ, മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് എന്നിവ നടപ്പിലാക്കി വരുന്നു.

ആരോഗ്യ-സാമൂഹിക ക്ഷേമ മേഖലയിൽ ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, കാരുണ്യ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളുടെ ഏകീകരണം, ആശാ പ്രവർത്തകരുടെയും മറ്റ് സ്കീം തൊഴിലാളികളുടെയും വേതന വർധന, വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും കൂടുതൽ സംരക്ഷണം, ട്രാൻസ്ജെൻഡർ വിഭാഗത്തിനായി പ്രത്യേക പദ്ധതികൾ, സിംഗിൾ മദർ പെൻഷൻ തുടങ്ങിയ നിർദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾ സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ആവശ്യങ്ങൾ നേരിട്ട് പരിഗണിക്കുന്ന ജനകേന്ദ്രിത വികസന സമീപനത്തിന്റെ ഭാഗമാണ്.

**സെക്ഷൻ ഓഫീസർ**